കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - കണ്ണൂർ നിയോജക മണ്ഡലം "പ്രോജക്റ്റ് ഐ.ഡി. 1634 എടക്കാട് കൃഷിഭവൻ നിർമ്മാണം" -ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.4062/17/തസ്വഭവ തിരുവനന്തപുരം, തീയതി :16.12.2017

വായന:- 1) 25.05.2017 ലെ സർക്കാർ ഉത്തരവ് (സാധ.) നം. 1717/2017/തസ്വഭവ.

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07/11/2017 ലെ ഡി.ബി5-2127/17/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എയുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും പ്രോജക്റ്റ് ഐ.ഡി. 1634 എടക്കാട് കൃഷിഭവൻ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് വായന (1) ഉത്തരവ് പ്രകാരം 52.60 ലക്ഷം രൂപയുടെ (അൻപത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വായന(2) കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വായന(1) പ്രകാരം ഭരണാനുമതി നൽകിയ പ്രോജക്റ്റ് ഐ.ഡി. 1634 എടക്കാട് കൃഷിഭവൻ നിർമ്മാണം എന്ന പ്രവൃത്തി 52.60 ലക്ഷം രൂപയ്ക്ക് (അൻപത്തി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 4515-00-800-96 പ്രോജക്റ്റ് അണ്ടർ എൽ.എ.സി എ.ഡി.എസ് (NP) എന്ന ശീർഷകത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത് ഡെപ്പോസിറ്റ് പ്രവൃത്തിയായി പൊതുമരാമത്ത് വകുപ്പിനു തന്നെ നടത്തുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

3. വായന(1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് വകുപ്പ്(കെട്ടിട വിഭാഗം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (1075331(3)/NC-C3/2016/Fin തീയതി. 29.11.2017 )
പൊതുമരാമത്ത് വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ് O.S (DB2/376/2017)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
പകർപ്പ്: ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുവും പുരാരേഖയും വകുപ്പ് മന്ത്രിയുടെ പി.എസിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ